**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1011** **18-09-2025 - ൽ മറുപടിയ്ക്ക്**

**സ്വകാര്യ ഭൂമിയിലെ ചന്ദനമരങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. ഐ. സി. ബാലകൃഷ്ണൻ** | | **ശ്രീ. എ. കെ. ശശീന്ദ്രൻ<br>(വനം-വന്യജീവി വകുപ്പ് മന്ത്രി)** | |
| (എ) | സ്വകാര്യ ഭൂമിയിൽ ചന്ദനമരം നട്ടുവളർത്താൻ പ്രോത്സാഹിപ്പിക്കുന്ന പദ്ധതി വനം വകുപ്പ് നടപ്പാക്കുന്നുണ്ടോ; വിശദാംശം വ്യക്തമാക്കുമോ; | (എ) | സ്വകാര്യ ഭൂമിയിൽ ചന്ദനമരം നട്ടുവളർത്താൻ പ്രോത്സാഹിപ്പിക്കുന്ന പ്രത്യേക പദ്ധതികൾ വനം വകുപ്പ് നടപ്പിലാക്കി വരുന്നില്ല. എന്നാൽ 29.03.2025-ലെ ജി.ഒ.(ആർ.റ്റി) നം.137/2025/വനം നമ്പർ ഉത്തരവ് പ്രകാരം "ട്രീ ബാങ്കിങ്" സ്കീമിൽ ഉൾപ്പെടുത്തി സ്വകാര്യ വ്യക്തികൾക്ക് ചന്ദനം ഉൾപ്പെടെയുള്ള മരങ്ങൾ നട്ടുവളർത്തുന്നതിന് തൈകൾ നൽകി വരുന്നുണ്ട്. ഇതിനായി വനംവകുപ്പും, സ്വകാര്യ വ്യക്തികളും തമ്മിൽ ഉടമ്പടി വയ്ക്കുകയും, അതിന്റെ അടിസ്ഥാനത്തിൽ ചന്ദനം നട്ട് വളർത്തി 15 വർഷങ്ങൾക്ക് ശേഷം ഇവ വനംവകുപ്പിലേക്ക് ഏറ്റെടുത്ത് നിയമാനുസരണം വിൽപ്പന നടത്തി ഉടമസ്ഥർക്ക് അർഹമായ തുക നൽകുന്നതാണ് ഈ പദ്ധതി. |
| (ബി) | സ്വകാര്യ വ്യക്തികളിൽ നിന്നും ഇപ്രകാരം സ്വീകരിക്കുന്ന ചന്ദനത്തടികൾ ഏത് രീതിയിലാണ് വിനിയോഗിക്കുന്നത്; ലേല നടപടികളുടെ വിശദാംശങ്ങൾ വ്യക്തമാക്കുമോ; ഉടമസ്ഥർക്ക് ലഭിക്കുന്ന തുക എത്ര ശതമാനമാണെന്ന് വ്യക്തമാക്കുമോ; | (ബി) | സ്വകാര്യ വ്യക്തികളിൽ നിന്നും The Kerala Forest (Restriction on cutting and selling of sandal trees and Grant of License for Possession and Transport of Sandalwood and Sandal oil) Rules 2012-ലെ ചട്ടങ്ങൾ പ്രകാരം ശേഖരിക്കുന്ന ചന്ദനതടികൾ സർക്കാർ അംഗീകൃത ചന്ദന ഡിപ്പോയിലെത്തിച്ച് ഓൺലൈനായി പൊതുലേലം വഴി വിറ്റഴിക്കുകയാണ് ചെയ്യുന്നത്. നിലവിൽ മറയൂർ ചന്ദന ഡിപ്പോയിൽ ചന്ദനതടികൾ ചെത്തിയൊരുക്കി, ക്ലാസ്സിഫൈ ചെയ്ത് ലോട്ടുകളാക്കി ഓൺലൈൻ ലേലം മുഖേന വിറ്റഴിക്കുന്നു. ടി ചട്ടത്തിലെ ചട്ടം 5 (g) പ്രകാരം ചന്ദനത്തിന്റെ വിൽപ്പന വിലയിൽ നിന്നും ചന്ദനം മുറിക്കുന്നതിനും, കടത്തുന്നതിനും, തൊലി ചെത്തി ഒരുക്കി, വൃത്തിയാക്കി ലേലം ചെയ്യുന്നതിനും ചെലവാകുന്ന തുകയും, നിയമാനുസൃത നികുതികളും കിഴിച്ച് ബാക്കി മുഴുവൻ തുകയും ഉടമസ്ഥന് നൽകി വരുന്നു. |

| | | | |
|---|---|---|---|
| (സി) | സ്വന്തം ഭൂമിയിലെ ചന്ദനമരങ്ങൾ വെട്ടി വനം വകുപ്പിന് കൈമാറിയവർക്ക് 2021 മുതൽ നാളിതുവരെ പണം നൽകിയിട്ടില്ല എന്ന കാര്യം ഗൗരവത്തോടെ കാണുന്നുണ്ടോ; ഇപ്രകാരം എത്രപേർക്ക് പണം നൽകുവാനുണ്ട് ; പ്രസ്തുത തുക അടിയന്തരമായി വിതരണം ചെയ്യുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ? | (സി) | 2021 മുതൽ നാളിതുവരെ സ്വകാര്യഭൂമിയിലെ ചന്ദനമരങ്ങൾ ശേഖരിച്ച ഇനത്തിൽ 77 പേർക്ക് പണം നൽകുവാനുണ്ട്. ഇത്തരത്തിൽ ശേഖരിച്ച് വിൽപ്പന നടത്തുന്ന തടികളുടെ വില ഫണ്ടിന്റെ ലഭ്യത അനുസരിച്ചാണ് വ്യക്തികൾക്ക് നൽകി വരുന്നത്. ടി വ്യക്തികൾക്ക് പ്രസ്തുത തുക നൽകുന്നതിനുള്ള നടപടികൾ പുരോഗമിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ